# A study about the biography 'Thazhvarayile Sandhya'- written by M K Sanu

**Sonia Jose**

*Research Scholar, Dept of Malayalam, SB College (Autonomous) Changanacherry, Kerala, India*
*Email: soniyajose.k@rediffmail.com*

**Article History**

Received: 10 April 2019

Received in revised form: 24 May 2019

Accepted: 25 May 2019

**KEY WORDS:**

Biography, Thazhvarayile sandhyakal

**Regional Language (Malayalam)**

## Abstract

Women of the Renaissance period in Kerala has portrayed as literate. But unfortunately this woman who came to the forefront of the society and the one who have always expected to be confined to the kitchen has been severely exploited by the commercial world. The media is always prone to present her as a commodity. As the most popular social organization, the media ever tends to offer a highly complicated world for the woman folk. This hostile attitude towards woman is implicitly explicited even in the metaphors where woman hood is being celebrated. Therefore this study is an exploration to the anti-woman attitude of the contemporary social media.

## താഴ്‌വരയിലെ സന്ധ്യ-ഒരു പഠനം.

സോണിയ ജോസ്

**സംഗ്രഹം**

മലയാളത്തിലെ ജീവചരിത്രരചനയെ ഗൗരവമായി സമീപിച്ച എഴുത്തുകാരനാണ് എം.കെ സാനു. സാനു ചരിതങ്ങൾ എന്ന് അയ്യപ്പപ്പണിക്കർ വിശേഷിപ്പിച്ച സാനുവിന്റെ ജീവചരിത്രങ്ങൾ നോവലിന്റെ പാരായണ ക്ഷമതയാണ് പകരുന്നത്. എം. കെ സാനുവിന്റെ ജീവചരിത്രങ്ങളിൽ ഏറെ പ്രസിദ്ധമായ കൃതിയാണ് സ്മൃതി സഞ്ചയമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന താഴ്‌വരയിലെ സന്ധ്യ. പതിനാല് മഹാപുരുഷന്മാരുടെ സംക്ഷിപ്ത ജീവനചരിത്രങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്. അതതു വ്യക്തികളുടെ നാനാമുഖവ്യക്തിത്വങ്ങൾ വായനക്കാരന് വ്യക്തമായി കാണാവുന്ന തരത്തിലാണ് ഇവരിലോരോരുത്തരേയും ചിത്രീകരിച്ചിരിക്കുന്നത്. വി.ടി.ഭട്ടതിരിപ്പാട്, ആർ.സുഗതൻ, എൻ.കൃഷ്ണപിള്ള, എം.സി ജോസഫ്, മുണ്ടശ്ശേരി, കുറ്റിപ്പുഴ, കേശവദേവ്, സി.ജെ തോമസ്, തായാട്ടു ശങ്കരൻ, എം. ഗോവിന്ദൻ, ജി. ശങ്കരപ്പിള്ള, പി.കെ ബാലകൃഷ്ണൻ, സി.എൻ ശ്രീകണ്ഠൻ നായർ, വൈലോപ്പിള്ളി എന്നിവരെക്കുറിച്ചാണ് സുഗന്ധവും സൗന്ദര്യവും നിറച്ച് സാനു അവതരിപ്പിച്ചിരിക്കുന്നത്.

**താക്കോൽ വാക്കുകൾ (Key words):** താഴ്‌വരയിലെ സന്ധ്യ, നാനാമുഖവ്യക്തിത്വങ്ങൾ

 ISSN-2455-0736 (Print)
ISSN-2456-4052 (Online)

**ആമുഖം**

മലയാളത്തിലെ ജീവചരിത്രരചനയെ ഗൗരവമായി സമീപിച്ച എഴുത്തു കാരനാണ് എം.കെ സാനു.സാനു ചരിതങ്ങൾ എന്ന് അയ്യപ്പപ്പണിക്കർ വിശേഷിപ്പിച്ച സാനുവിന്റെ ജീവചരിത്രങ്ങൾ നോവലിന്റെ പാരായണ ക്ഷമതയാണ് പകരുന്നത്. എം. കെ സാനുവിന്റെ ജീവചരിത്രങ്ങളിൽ ഏറെ പ്രസിദ്ധമായ കൃതിയാണ് സ്മൃതി സഞ്ചയമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന താഴ്‌വരയിലെ സന്ധ്യ. പതിനാല് മഹാപുരുഷന്മാരുടെ സംക്ഷിപ്ത ജീവനചരിത്രങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കു ന്നത്. അതതു വ്യക്തികളുടെ നാനാമുഖവ്യക്തിത്വങ്ങൾ വായനക്കാരന് വ്യക്തമായി കാണാവുന്ന തരത്തിലാണ് ഇവരിലോരോരുത്തരേയും ചിത്രീകരിച്ചിരിക്കുന്നത്.വി.ടി ഭട്ടതിരിപ്പാട്, ആർ.സുഗതൻ,എൻ.കൃഷ്ണപിള്ള, എം.സി ജോസഫ്, മുണ്ടശ്ശേരി,കുറ്റിപ്പുഴ, കേശവദേവ്, സി.ജെ തോമസ്, തായാട്ടു ശങ്കരൻ, എം. ഗോവിന്ദൻ, ജി. ശങ്കരപ്പിള്ള ,പി.കെ ബാലകൃഷ്ണൻ,സി.എൻ ശ്രീകണ്ഠൻ നായർ, വൈലോപ്പിള്ളി എന്നിവരെക്കുറിച്ചാണ് സുഗന്ധവും സൗന്ദര്യവും നിറച്ച് സാനു അവതരിപ്പിച്ചിരിക്കുന്നത്.

എം.കെ സാനുവിന് കഥാനായകന്മാരുമായി ഉണ്ടായിരുന്ന സൗഹൃദത്തിന്റെ സ്മൃതികൾ,സവിശേഷതകൾ,ശക്തികൾ,സാമാന്യതകൾ,ദൗർബല്യങ്ങൾ,ലാഘവങ്ങൾ, സങ്കീർണതകൾ,ലാളിത്യങ്ങൾ, എന്നിവയെല്ലാം അവതരിപ്പിക്കുമ്പോൾ ഓരോരുത്തരുടേയും ആത്മാവിലേയ്ക്ക് ചുഴിഞ്ഞുനോക്കിക്കണ്ട രീതിയിലാണ് അവയുടെ ചിത്രീകരണമെന്ന് തോന്നും. സംഭാഷണങ്ങൾ ഉടനീളം സമൃദ്ധമായിക്കാണാം. അതത് സന്ദർഭങ്ങളിൽ ശബ്ദലേഖനം ചെയ്യപ്പെടാൻ ഇടയില്ലാത്ത ഇത്തരം സംഭാഷണങ്ങൾ ഗ്രന്ഥകർത്താവിന്റെ ഓർമ്മയിൽ നിന്നും ചേർക്കപ്പെടാനാണ് സാധ്യത.നാടകീയ ഹൃദ്യതയാണ് അദ്ദേഹം ആഖ്യാനങ്ങൾക്ക് നൽകിയിരുന്നത്. നാടകീയവതരണം എന്നതിന് ആനുഷംഗികമായി ഗ്രന്ഥകർത്താവ് നൽകിയിരിക്കുന്ന നിർവ്വചനം ഇവിടെ ഓർക്കാം "സൂക്ഷ്മാശയങ്ങൾ സ്ഥൂലദൃഷ്ടാന്തങ്ങളിലൂടെ വിശദമാക്കുന്ന രീതി ( താഴ്‌വരയിലെ സന്ധ്യ, പേജ് : 69) " വിഗ്രഹാരാധനയുടെ സ്വരമോ അതിനുള്ള ശ്രമമോ കൃതിയിലൊരിടത്തും കാണാനാവില്ല. എങ്കിലും വിഗ്രഹം ആസ്വാദകരുടെ മനസ്സിൽ പ്രതിഷ്ഠിക്കാൻ കൃതിയിലൂടെ പൂർണ്ണമായും സാനു മാഷ് ശ്രമിച്ചിരിക്കുന്നു.

നാടകീയ രംഗത്തിലൂടെ എങ്ങനെ സൂക്ഷ്മമായി ഒരു വ്യക്തിയുടെ മനസ്സിലെത്തിക്കാം എന്നതിന് ഉദാഹരണമാണ് മുണ്ടശ്ശേരിയെപ്പറ്റിയുള്ള ആഖ്യാനത്തിന്റെ തുടക്കം. "അടിയന്തരാവസ്ഥ ഇന്ത്യയിൽ കത്തിനിൽക്കുന്ന കാലം , തൃശ്ശൂർ നഗരത്തിന്റെ വീഥികളിലൊന്നിന്റെ അരികിലൂടെ ഒരു ഒത്ത മനുഷ്യൻ നടന്നുപോകുന്നു. എഴുപത്തിമൂന്നുവയസ്സായെങ്കിലും വൃദ്ധനായെന്നു സമ്മതിക്കാൻ കൂട്ടാക്കാതെ, മുണ്ടിന്റെ കോന്തല കൈകൊണ്ടുയർത്തിപ്പിടിച്ച് ഉദാസീനഭാവത്തിൽ നടന്നുപോകുന്ന ആ മനുഷ്യന്റെ മുഖത്ത് , 'ഞാൻ പലതും കണ്ടതാണ് ' എന്ന ഭാവമാണ് തങ്ങിനിൽക്കുന്നത് (പേജ് :105)" ഗ്രന്ഥകർത്താവ് ദൃക്സാക്ഷി ആണെന്ന മട്ടിലാണ് രംഗവർണ്ണന.റോഡിലെ വരകളെ അവഗണിച്ചുകൊണ്ടുള്ള നടപ്പിനെപ്പറ്റി പറയുന്നത് വരച്ചുവെച്ച വരകൾ പലതും ലംഘിച്ച ആളാണുഞാൻ എന്നു കഥാപുരുഷനെക്കൊണ്ട് പറയിപ്പിക്കുന്നതിനു വേണ്ടിയെന്നപോലെയാണ്. ആ വാക്യം അദ്ദേഹത്തിന്റെ സ്വത്വസത്തയിലേയ്ക്ക് തന്നെയാണ് വാതിൽ തുറക്കുന്നത്.

ആസ്വാദകരിൽ ജിജ്ഞാസ കൊളുത്തിവിടുകയും ശമിപ്പിക്കാതിരിക്കുകയും ചെയ്യുന്ന രീതി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

കൃതിയിൽ കാണാനാവും. ചിലയിടത്ത്,പാതിമറച്ചും പാതി തുറന്നടിച്ചും ഉള്ള സംഭവവിവരണങ്ങളുമുണ്ട്. സി.എൽ ആന്റെണിസാർ സ്ഥലംമാറ്റം ചോദിച്ചുവാങ്ങിയത്യാഗം ആർക്കുവേണ്ടിയായിരുന്നു എന്നു വ്യക്തമാക്കാഞ്ഞത് ഇതിനുദാഹരണമാണ്.

ഫ്ളാഷ് ബാക്ക് രീതിയിൽ സംഭവങ്ങൾ അനാവരണം ചെയ്യുന്ന രീതിയും കൃതിയിൽ കാണാനായി സാധിക്കും. എഴുപതുവയസ്സിനോടടുത്ത വൈലോപ്പിള്ളി റെയിൽവേ ഓവർബ്രിഡ്ജിന്റെ മുകളിൽ നിന്ന് സൈക്കിളിൽ വരുന്ന വരവ് ഇതിനുദാഹരണമാണ്. ''റെയിൽവേ ഓവർബ്രിഡ്ജിന്റെ ഉച്ചിയിൽ നിന്ന് വേഗത്തിൽ സൈക്കിളോടിച്ച് താഴോട്ടുവരുന്നതാരാണ്? അത്ഭുതത്തോടുകൂടിയാണ് ഞാൻ റോഡരകിൽ നോക്കി നിന്നത്. ആ ആൾ ചെറുപ്പക്കാരനല്ലാത്തതുകൊണ്ടു മാത്രമല്ല ഞാനങ്ങനെ നിന്നുപോയത്. പ്രായം എഴുപതിനോടടുത്ത വൈലോപ്പിള്ളി ഇപ്രകാരം സൈക്കിളിൽ കയറിവരുമെന്ന് സങ്കല്പ്പിക്കാനേ എനിക്ക് കഴിയുമായിരുന്നില്ല''(പേജ് :351).തുടർന്ന് കൈത്തണ്ടയിലെ പേശീബലം പരാമർശിക്കുന്ന സംഭാഷണത്തിലേയ്ക്ക് നയിക്കുന്നു. ഏറെ വർഷങ്ങൾക്കു മുമ്പ് നാട്ടികയിൽ വെച്ചുണ്ടായ ആദ്യത്തെ കൂടിക്കാഴ്ചയിലും ആ കൈക്കരുത്ത് എങ്ങനെ ശ്രദ്ധാവിഷയമായി എന്നു വിവരിച്ചുകൊണ്ടാണ് ഓർമ്മയെ പിന്നോട്ടുതെളിക്കുന്നത്. നാടകീയ രംഗങ്ങൾ പോലെ ഫ്ളാഷ്ബാക്ക് ശൈലിയും ഈ ഗ്രന്ഥത്തിലെ എല്ലാ ആഖ്യാനങ്ങളിലും സമൃദ്ധമാണ്.

ഗ്രന്ഥകർത്താവ്,കഥാപുരുഷൻ,മറ്റ് അംഗങ്ങൾ തുടങ്ങിയവരെല്ലാം ഉൾപ്പെടുന്ന ഗണത്തിന്റെ സംഭാഷണങ്ങൾ രേഖപ്പെടുത്തുമ്പോൾ ഓരോ വ്യക്തിയുടേയും തനതുശൈലിയിലുള്ള പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കാൻ ഗ്രന്ഥകർത്താവ് ഏറെ ശ്രദ്ധിച്ചിട്ടുണ്ട്. ഇതിനു വേണ്ടുന്ന സർഗവൈഭവം കൈയിലുള്ള സാനുമാസ്റ്റർ ഭാഷണങ്ങൾ പുനഃസൃഷ്ടിക്കുകയെന്ന ആഖ്യാനതന്ത്രം ധൈര്യപൂർവം കൃതിയിലുടനീളം ഉപയോഗിച്ചിരിക്കുന്നു.ഒരിടത്ത് ഗ്രന്ഥകർത്താവ് കുറിച്ചിരിക്കുന്നു. ''സ്വപ്നംപോലെ കടന്നുപോയ കാര്യങ്ങളെക്കുറിച്ച് ഇവിടെ ഞാൻ എഴുതുന്നു.വാസ്തവങ്ങളാണ്. എന്നാലും വാസ്തവങ്ങളെന്നു തോന്നിക്കുന്ന കിനാവുകളുമാകാം''(പേജ് :243)

സുഹൃത്തുക്കൾ തന്നെ പരിഹസിച്ചാലും അത് ഫലിതമായിക്കണ്ട് സൗഹൃദം തുടരാൻ ഗ്രന്ഥകർത്താവിന് കഴിയുമെന്ന് വ്യക്തമാക്കുന്ന സന്ദർഭങ്ങളും നിരവധിയാണ്. സി.ജെ തോമസ് ഒരിക്കൽ ''നിങ്ങളുടെ നാരായണഗുരു'' എന്നു പറഞ്ഞതും, ''നിങ്ങൾ ചോവന്മാർ മൂപ്പരെ കൈയ്യടക്കിപ്പിടിച്ചിരിക്കയാണല്ലോ'' (പേജ്:22) എന്നും പറഞ്ഞതും അതുപോലെതന്നെ രേഖപ്പെടുത്താൻ മടിക്കാഞ്ഞത് ഇതിനുദാഹരണമാണ്.കേശവദേവിന്റെ ഒരു സമീപനത്തിന് വിരുദ്ധമായ അഭിപ്രായം പറയുമ്പോൾ പിന്തുണയായി എലിയറ്റിന്റെ ഒരു വാക്യം ഉദ്ധരിച്ചതിന് 'എലി എട്ടല്ല എലി പത്തായാലും അംഗീകരിക്കേണ്ട കാര്യം തനിക്കില്ലെന്ന്' (പേജ് :175) അദ്ദേഹം പറഞ്ഞത് ഉദ്ധരിച്ചതും ഇതിനുദാഹരണമാണ്.

സ്വതന്ത്രചിന്തകൻ,കവി, മാനവികതാവാദി,സാഹിത്യ നിരൂപകൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച എം. ഗേവിന്ദൻ അർഹിക്കുന്ന ബഹുമതി പലപ്പോഴും നേടുകയുണ്ടായില്ല. ആ വിടവ് നികത്താൻ ശ്രമിക്കുംവിധത്തിലാണ് അദ്ദേഹത്തിന്റെ ജീവചരിത്രം സാനുമാസ്റ്റർ കുറിച്ചിരിക്കുന്നത്. മാഹിയിൽ മലയാള കലാഗ്രാമം സ്ഥാപിക്കുകയെന്ന വലിയ കർമ്മം ചെയ്ത എ.പി കുഞ്ഞിക്കണ്ണന്റെയും ഉയർന്ന ധൈഷണികതയുടെ ഉടമയായ എ.എൻ നമ്പ്യാരുടെ ചരിതവും ഭംഗിയായി ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.ശ്രീ ഗോവിന്ദനെ ഗുരുവായി

 ISSN-2455-0736 (Print)
ISSN-2456-4052 (Online)

അംഗീകരിച്ചിരുന്ന ഒരാൾ 'ഗുരുജി ഗോൾവാൽക്കർ' എന്നു വിളിച്ചപ്പോൾ കൂടുതൽ നർമ്മ ബോധത്തോടെ താൻ ശരിക്കും ഗോൾവാക്കർ (Goal - Walker) തന്നെയാണെന്ന് അദ്ദേഹമെഴുതി. ആ ലക്ഷ്യമെന്തെന്നു സാനുമാസ്റ്റർ വ്യക്തമാക്കുന്നു.(പേജ് : 29)ശരിയായ മനുഷ്യനായിത്തീരുക. കൂടാതെ ഗോവിന്ദൻ ഏറ്റെടുത്ത പ്രയത്നങ്ങളുടെ ശരിയായ ഒരു ചിത്രവും ഈ കൃതിയിലും സ്വതന്ത്രചിന്തയുടെ കൂമ്പാരങ്ങളെന്നു വിശേഷിപ്പിക്കാവുന്ന ലേഖനങ്ങളിലൂടെയും കവിത,നാടകം എന്നീ ശാഖകളിലൂടെയുള്ള പര്യടനം തനതുനാടകവേദി പോലുള്ള ഉദ്യമങ്ങളുടെ അനാവൃതി വിപുലമായ പുസ്തക പാരായണത്തിലേയ്ക്ക് വെളിച്ചം തെളിക്കൽ (പേജ് :115) എന്നിങ്ങനെ കഥാനായകന്റെ മേഖലകളിലേക്കെല്ലാം മാസ്റ്ററും സഞ്ചരിച്ചിരിക്കുന്നു.

ബഷീറിന്റെ ജീവിതകഥ ഏകാന്തവീഥിയിലെ അവധൂതൻ എന്ന ശീർഷകം സൂചിപ്പിക്കുന്നതുപോലെ വ്യക്തിസ്വത്വത്തിലാണ് ഊന്നുന്നത്. ആരെയും രസിപ്പിക്കുന്ന തരത്തിൽ നാടകീയത മുറ്റിനിൽക്കുന്ന തരത്തിലാണ് പ്രതിപാദനം. കഥാകൃത്തിന്റെ ഭാഷപോലെതന്നെയുള്ള ഭാഷാശൈലിയും ഉള്ളടക്കത്തിൽ ബഷീറുമായി ജീവിതത്തിൽ പല തരത്തിൽ ഇടപഴകിയവരുടെ സ്മരണകളും ധാരാളമായി ഉൾപ്പെടുത്തിയിരിക്കുന്നു. ബഷീറിനെ വളരെയധികം അടുത്തറിയാൻ ഇത് സഹായിക്കുന്നു.

മറ്റു ജീവചരിത്രങ്ങളിൽ നിന്നും ഭിന്നമായി നാടകീയ പ്രതിപാദന ശൈലിയിലല്ലാതെ സംഭവങ്ങൾ പ്രതിപാദിക്കുന്ന ഭാഗമാണ് കെ.സി മാമ്മൻ മാപ്പിളയുടേത്. സാഹചര്യങ്ങളോട് പടവെട്ടി മുന്നേറിയ അദ്ദേഹത്തിന്റെ കഥ യഥാതഥമായി മാസ്റ്റർ ആഖ്യാനം ചെയ്തിരിക്കുന്നു.കൂടാതെ കണ്ടത്തിൽ വർഗീസ് മാപ്പിളയോടും അദ്ദേഹത്തിനുള്ള കടപ്പാടും കൃതജ്ഞതയും വ്യക്തമായി നിഴലിക്കുന്നുണ്ട്.

പി.കെ ബാലകൃഷ്ണനെക്കുറിച്ചെഴുതുന്നത് അദ്ദേഹത്തിന്റെ ജീവിതമൂല്യദർശനത്തിനുള്ള സമർപ്പണമാണെന്ന് സാനുമാസ്റ്റർതന്നെ വ്യക്തമാക്കിയിരിക്കുന്നു.കൂട്ടത്തിൽ ദൈർഘ്യം കുറഞ്ഞതെങ്കിലും ഈ ജീവചരിത്രം മറ്റൊന്നിലും നിന്നും പിന്നിലല്ല. ആഖ്യാതാവും വർണ്ണിക്കപ്പെടുന്ന വ്യക്തിയും തമ്മിലുള്ള ഹൃദയൈക്യം ഇതിന്റെ വലിയൊരു മികവായി തീർന്നിരിക്കുന്നു. പി.കെ ബാലകൃഷ്ണന്റെ തൊഴിൽ പത്രപ്രവർത്തനമാണെങ്കിലും അതിനപ്പുറമുള്ള സർഗ്ഗാത്മകതയും നിരൂപണാത്മകവുമായ സാഹിത്യരചന,ഗവേഷണം എന്നിവയിൽ അദ്ദേഹം നൽകിയ സംഭാവനകളിലേയ്ക്കും വായനക്കാരെ നയിക്കുവാൻ ശ്രീ. എം.കെ സാനുവിനു കഴിഞ്ഞിരിക്കുന്നു.ചന്തുമേനോൻ പഠനം, ടിപ്പു സുൽത്താൻ, നോവൽ സിദ്ധിയും സാധനയും,കാവ്യകല കുമാരനാശാനിലൂടെ, പ്ലൂട്ടോ, ഇനി ഞാനുറങ്ങട്ടെ എന്നീ നോവലുകൾ ,ജാതി വ്യവസ്ഥയും കേരളചരിത്രവും, എഴുത്തച്ഛൻ പഠനം എന്നിങ്ങനെ വിഭിന്ന വിജ്ഞാന മേഖലകളിലേയ്ക്ക് വ്യാപിക്കുന്ന ഗ്രന്ഥങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും നടത്തുന്ന യാത്ര ജീവചരിത്രത്തെ കൂടുതൽ മികവുറ്റതാക്കുന്നു.

മലയാള ഭാഷയിലെ ജീവചരിത്രശാഖയ്ക്ക് നൂതനമായ ഒരു ഭാഷാശൈലി അവതരിപ്പിച്ചതിനൊപ്പം ആ ശാഖയിലെ മഹാവൃക്ഷമായി തീരുകയും ചെയ്തിരിക്കുന്നു സാനുമാസ്റ്റർ. ജീവചരിത്രശാഖയ്ക്ക് ഇത്രയധികം സംഭാവനകൾ നൽകിയ മറ്റൊരു സാഹിത്യകാരനും മലയാളത്തിലില്ല.പരിപൂർണ്ണ ആത്മാർത്ഥതയിലെഴുതിയ ഇത്തരം ഗ്രന്ഥങ്ങളിലൂടെ ലഭിക്കുന്ന ധന്യതയ്ക്കു വേണ്ടിത്തന്നെയാവാം അദ്ദേഹം തന്റെ യാത്ര തുടർന്നുകൊണ്ടിരിക്കുന്നത്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

## REFERENCES

1. Dr.Amrutha. (2018). M k Sanu:Niroopanathile manavikamanam. *Vidyarangam*, 6,7.

2. Sanu, M. K. (2009). *Thazhvarayile Sandhya.* Kottayam: D C Books.